# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3874 12.12.2018 ൽ മറുപടിക്ക്

## ടാക്സി മേഖലയിലെ ക്രമസമാധാന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ.റഹീം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഊബർ, ഒല തുടങ്ങിയ ഓൺലൈൻ ടാക്സി ഡ്രൈവർമാരും പരമ്പരാഗത ടാക്സി ഡ്രൈവർമാരും തമ്മിൽ ക്രമസമാധാന പ്രശ്നങ്ങൾ നിലനില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) പരമ്പരാഗത ടാക്സി ഡ്രൈവർമാരും ഓൺലൈൻ ടാക്സി ഡ്രൈവർമാരും തമ്മിൽ പരസ്പരം തർക്കങ്ങൾ ഉണ്ടായതുമായി ബന്ധപ്പെട്ട് കേസുകൾ ഉണ്ട്. ഇവർ തമ്മിൽ സർവ്വീസ് നടത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് തർക്കങ്ങൾക്ക് അടിസ്ഥാനം. |
| (ബി) ഇവ തമ്മിലുള്ള ക്രമസമാധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;<br><br>(സി) ഇതു സംബന്ധിച്ച കോടതി പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) ഓൺലൈൻ ടാക്സി ഡ്രൈവർമാരും, പരമ്പരാഗത ടാക്സി ഡ്രൈവർമാരും തമ്മിൽ സർവ്വീസ് നടത്തുന്നതിനെച്ചൊല്ലിയുണ്ടായ തർക്കവുമായി ബന്ധപ്പെട്ട് ഓൺലൈൻ ടാക്സി ഡ്രൈവറായ നവാസ് ബഹു.കേരളാ ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റീഷൻ (W.P(C)No.10172/16) പരിഗണിക്കവേ മറ്റ് ടാക്സി ഡ്രൈവർമാർ, ഓൺലൈൻ ടാക്സി സർവ്വീസ് നടത്തുന്നവർക്ക് യാതൊരു തടസ്സവും വരുത്തുവാൻ പാടുള്ളതല്ല എന്ന് ബഹു.കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെ ഓൺലൈൻ ടാക്സി ഡ്രൈവർമാരും ഓൺലൈൻ കമ്പനികളുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട കമ്പനികൾക്കും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഓൺലൈൻ ടാക്സികൾക്കും പരമ്പരാഗത ടാക്സികളുടെ അതേ നിയമം തന്നെയാണോ ബാധകമായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ഡി) | മോട്ടോർ വാഹന നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഒരേ നിയമം തന്നെയാണ് നിലവിലുള്ളത്. എന്നാൽ ഓൺലൈൻ കമ്പനികളുമായി ഡ്രൈവർമാർ കരാറുകൾ നടത്തുന്നതുമായി പ്രത്യേക നിയമങ്ങളൊന്നും നിലവിലില്ല. |
| (ഇ) | ഓൺലൈൻ ടാക്സി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ? | (ഇ) | ഓൺലൈൻ ടാക്സി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ